പരിഗണന നൽകുന്നതാണ്. നിലവിലുള്ള തദ്ദേശവാസികളോടോ ഭൂമി കൊടുത്തവരോടോ വിവേചനം കാണിച്ചിട്ടില്ല എന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം.

(3) ഏറ്റുമാന്നൂർ—അതിരമ്പുഴ, നീണ്ടൂർ—ആർപ്പൂക്കര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഇ.ജെ. ലൂക്കോസ്: സർ, ഏറ്റുമാന്നൂർ, അതിരമ്പുഴ, നീണ്ടൂർ, ആർപ്പൂക്കര, കാണക്കാരി എന്നീ പഞ്ചായത്തുകളെ സംയോജിച്ചുള്ള കോമൺ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തന ഉദ്ഘാടനം 1983 മാർച്ച് മാസം 16-ാം തീയതി ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. അതിന്റെ സർവ്വേ ആരംഭിച്ചു. നീണ്ടൂർ തുടങ്ങിയുള്ള പഞ്ചായത്തുകളിൽ പൂർത്തിയാകാനുണ്ട്. അവിടെ ഉദ്യോഗസ്ഥൻമാരോട് മാറ്റ് ആളുകളെ അപമര്യാദയായി പെരുമാറിയതിന്റെ ഫലമായി സർവ്വേ നിറുത്തിവച്ചു. ഇനി മീനച്ചിൽ ആറ്റിൽ പട്ടണമധ്യം പാലത്തിന്റെ സമീപത്തു നിന്ന് വെള്ളം പമ്പ് ചെയ്യാൻ സാധിക്കും. ആർപ്പൂക്കര പഞ്ചായത്തിനാണെങ്കിൽ കോട്ടയം മെഡിക്കൽകോളേജിലേയ്ക്ക് വെള്ളം നൽകണം. അതിരമ്പുഴ പഞ്ചായത്തിൽ പുതിയ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം വരുന്നതോടുകൂടി അവിടേയും കൂടുതൽ ജലവിതരണം വേണ്ടിവരും. അതിരമ്പുഴ പഞ്ചായത്തിൽ വരുന്ന തീർത്ഥാടകരുണ്ട്. ഏറ്റുമാന്നൂർ പ്രസിദ്ധമായ ക്ഷേത്രത്തിൽ എന്നും കല്ല്യാണവും മറ്റും നടക്കുന്നു. ഇങ്ങനെ എല്ലാ തരത്തിലും ഈ പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതി കഴിവതും വേഗം നടപ്പിലാക്കണം. അതിനുവേണ്ട നടപടികളും ത്വരിതപ്പെടുത്തണമെന്ന് മന്ത്രിയോടാവശ്യപ്പെടുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ): സർ, ഏറ്റുമാനൂർ, അതിരമ്പുഴ, നീണ്ടൂർ, ആർപ്പൂക്കര എന്നീ പഞ്ചായത്തുകൾക്ക് പൊതുവായിട്ടുള്ള ഒരു വാട്ടർ സപ്ലൈ സ്കീം ഗവൺമെന്റിന്റെ ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ പെടുത്തിക്കൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ സർവ്വേയെല്ലാം പൂർത്തിയായിക്കഴിഞ്ഞു. വിശദമായ എസ്റ്റിമേറ്റ്സും ഡിസൈനുമൊക്കെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് കഴിഞ്ഞാൽ ഉടൻതന്നെ കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കുന്നതും വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതുമാണ്.

(4) ആലത്തൂർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, ആലത്തൂർ താലൂക്കാശുപത്രിയുടെ ശോചനീയമായ സ്ഥിതിയാണ് എനിക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ആവശ്യമായ യാതൊരു മരുന്നുകളുമില്ല. അത്യാഹിതവിഭാഗത്തിൽപ്പോലും മരുന്നില്ലാതെ, മരുന്നു വാങ്ങിക്കുന്നതിനുവേണ്ടി ഇപ്പോഴും രോഗികൾക്ക് ചീറ്റുകൊടുക്കുകയാണ് ചെയ്യുന്നത്. അതുപോലെ വാർഡുകളുടെ സ്ഥിതി പറയാതിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഭേദം. 104 ബെഡ്ഡുകളാണ് അവിടെയുള്ളത്. 400 രോഗികൾ അവിടെ കിടക്കുന്നുണ്ട്. കുട്ടികൾക്കുവേണ്ടി പത്തു ബെഡ്ഡുകൾ നീക്കിവച്ചിട്ടുണ്ട്. അതിൽ 50 കുട്ടികളാണ് ഉള്ളത്. ഒരു ബെഡ്ഡിൽ അഞ്ചുകുട്ടികൾ, താഴെയും മീതേയും മീതെയ്ക്കു മീതെയും കിടക്കുന്ന ഒരു ദയനീയസ്ഥിതിയാണ് . ആ ആശുപത്രിയിലുള്ളത്. അതുപോലെ പ്രസവവാർഡിൽ സർജറി വിദഗ്ദ്ധനില്ലാത്തതുകൊണ്ട് പ്രസവവേദനയുമായി വരുന്ന സ്ത്രീകളെ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയാണ്. അതുകൊണ്ട് അപകടമരണങ്ങൾ വരെ സംഭവിക്കുന്ന സ്ഥിതി ഇന്ന് ആലത്തൂർ ആശുപത്രിയിലുണ്ട്. എക്സ്റേ പ്രവർത്തിക്കുന്നില്ല. കേടുവന്നാൽ അത് നന്നാക്കാനാളില്ല. അത് നന്നാക്കണം. ലബോറട്ടറിയുണ്ട്, പരിശോധനയില്ല. അവിടെ പരിശോധിക്കാൻ യാതൊരു നടപടികളുമില്ല. രാത്രി അവിടെ ലൈറ്റ് കത്തുന്നില്ല. രോഗികളെല്ലാംതന്നെ അപകടത്തിലാണ്. രാത്രി ഇടയ്ക്കിടയ്ക്ക് വൈദ്യുതി നിന്നുപോവുകയാണ്. ബ്ലഡ്ബാങ്ക് എന്ന ഒരു ബോർഡുണ്ട്. അവിടെ ബ്ലഡില്ല. രക്തം സംഭരിക്കാനുള്ള നടപടി യാതൊന്നുമില്ല. കക്കൂസിന്റെ കാര്യം വളരെ ദയനീയമാണ്. 30 ആളുകൾ ഉപയോഗിച്ചുകൊണ്ടിരുന്ന കക്കൂസ് 250 ആളുകളുപയോഗിക്കുന്നു. മലവും മൂത്രവും വാർഡിലേയ്ക്ക് ഒഴുകിവരുന്നു. ദുർഗ്ഗന്ധം വമിക്കുന്ന ആ ആശുപത്രിയിലേക്ക് കടന്നുപോകാൻ പററാത്ത പരിതഃസ്ഥിതിയാണ് ഉള്ളത്. കെട്ടിടത്തിന് ചുറ്റും കാടും പടലവും പിടിച്ചുകിടക്കുകയാണ്. ഇഴജീവികളും പാമ്പുകളുമെല്ലാംതന്നെ ആ ആശുപത്രിയുടെ ചുറ്റും വരുന്ന ഒരു സ്ഥിതിയുണ്ട്. ഉച്ചകഴിഞ്ഞാൽ രോഗികളെ ചികിൽസിക്കുന്ന ഒരു ഏർപ്പാടില്ല. മുഖ്യമന്ത്രി മാസത്തിലൊരിക്കൽ ഒരു താലൂക്കാശുപത്രി വിസിറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഗുരുവായൂരമ്പലത്തിൽ പോകുന്നത് സന്തോഷമാണെങ്കിലും രോഗംവന്ന് ചികിൽസിക്കാൻ നിവൃത്തിയില്ലാത്ത ആളുകളുടെ ബുദ്ധിമുട്ട് നേരിട്ടു കണ്ടു പരിഹരിക്കുന്നതിനുവേണ്ടി ആശുപത്രികൾകൂടി വിസിറ്റ് ചെയ്യണം. ആലത്തൂർ ആശുപത്രിയുടെ ഈ പോരായ്മ നികത്തുന്നതിനാവശ്യമായ നിർദ്ദേശം അടിയന്തിരമായി കൊടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ആലത്തൂർ ആശുപത്രിയിലെ സൗകര്യക്കുറവ് പരിഗണിച്ച് ഒരു പുതിയ കെട്ടിടം കെട്ടണമെന്നുള്ള തീരുമാനമെടുത്തിട്ടുണ്ട്. പക്ഷേ ആ കോമ്പൗണ്ടിൽ സ്ഥലമില്ലാത്തതുകൊണ്ട് മറെറാരു സ്ഥലം നോക്കാൻവേണ്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആശുപത്രിയിലെ രോഗികളുടെ എണ്ണവും സൗകര്യങ്ങളും കണക്കിലെടുക്കുമ്പോൾ പോരായ്മ പല ആശുപത്രികളിലുമുണ്ട് എന്നുള്ളത് സത്യമാണ്. പോരായ്മ പരിഹരിക്കുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. മരുന്നിന്റെ കാര്യത്തിൽ ലോക്കൽ പർച്ചേസ് നടത്താൻ ഇപ്പോൾ തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലോക്കൽ പർച്ചേസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ടെക്നീഷ്യൻസിന്റെ കാര്യത്തിൽ പി.എസ്.സി.യ്ക്ക് എഴുതിയിട്ടുണ്ട്. ടെക്നീഷ്യൻസിനെ സെലക്ട് ചെയ്യാൻവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജിയ്ക്ക് ആളില്ല എന്നു പറയുന്നത് ശരിയല്ല. ഗൈനക്കോളജി ഡോക്ടറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യലിസ്റ്റ് വേറെയുണ്ട്. ആവശ്യമായ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ബുദ്ധിമുട്ടുകളും പല കാര്യത്തിലുമുണ്ട്. അത് എക്സ്പാൻഷൻകൊണ്ടല്ലാതെ പരിഹരിക്കാൻ സാദ്ധ്യമല്ല. കളക്ടറോട് പുതിയ കെട്ടിടം പണിയാൻ സ്ഥലം നിർദ്ദേശിക്കാൻ പറഞ്ഞിട്ടുണ്ട്. പുതിയ കെട്ടിടം താമസിയാതെ പണിയാനുള്ള നടപടികളും സ്വീകരിക്കും. മറ്റ് അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങളിൽ വൈകാതെ നടപടി സ്വീകരിക്കുന്നതായിരിക്കും.

(5) ചീയമ്പം, പാമ്പ്ര കാപ്പിത്തോട്ടങ്ങളിലെ തൊഴിലാളികളുടെ ജോലിസ്ഥിരത

ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ: സർ, വയനാട് ജില്ലയിൽ വനം വകുപ്പിന്റെ കീഴിൽ ചീയമ്പം, പാമ്പ്ര എന്നീ രണ്ടു കാപ്പിത്തോട്ടങ്ങളുണ്ട്. ആ കാപ്പിത്തോട്ടങ്ങളിലെ തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമാണ്. വേലിതന്നെ വിള തിന്നുന്നു എന്നു പറഞ്ഞ മാതിരി തൊഴിൽനിയമങ്ങളും സർക്കാർതോട്ടങ്ങളിൽത്തന്നെ ലംഘിക്കപ്പെടുന്നു. ഒൻപതുവർഷമായി ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷവും പാവപ്പെട്ട ആദിവാസിത്തൊഴിലാളികളുള്ള ആ രണ്ടു തോട്ടങ്ങളിലും ഇതുവരേയും ഒരു തൊഴിലാളിയെപ്പോലും സ്ഥിരപ്പെടുത്തിയിട്ടില്ല. 300-ൽ അധികം തൊഴിലാളികളാണ് അവിടെയുള്ളത്. കൊല്ലം മുഴുവൻ അവർക്ക് ജോലി കിട്ടുന്നില്ല. ആ തൊഴിലാളികൾക്ക് അഞ്ചോ ആറോ മാസമാണ് ജോലി കിട്ടുന്നത്. അവർ പട്ടിണിയിലാണ്. ഇതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണം. അന്വേഷിക്കുമ്പോൾ സർക്കാർ പറയുന്നത് പണമില്ല എന്നാണ്. പണമില്ലെങ്കിൽ ഒന്നുകിൽ പണമുണ്ടാക്കണം, അല്ലെങ്കിൽ കെ.എഫ്.ഡി.സി. യെക്കൊണ്ടോ പ്ലാന്റേഷൻ കോർപ്പറേഷനെക്കൊണ്ടോ ആ തോട്ടം ഏറ്റെടുപ്പിക്കാനുള്ള ഏർപ്പാടുകളുണ്ടാക്കണം. അവിടെ പാവപ്പെട്ട ആദിവാസിതൊഴിലാളികൾക്ക് തൊഴിൽ കൊടുത്തില്ലെങ്കിൽ അവിടെ പട്ടിണിമരണങ്ങളുണ്ടാകും. അതുകൊണ്ട് അവർക്ക് തൊഴിൽ കൊടുക്കാനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനംവകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, ഈ കാപ്പിത്തോട്ടമാരംഭിക്കുന്ന അവസരത്തിൽ അതിനുവേണ്ടി ഉണ്ടാക്കിയ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് 500 ഹെക്ടർ സ്ഥലത്ത് തോട്ടങ്ങളുണ്ടാക്കാനാണ് ഉദ്ദേശിച്ചത്. അത്രയും ഹെക്ടർ സ്ഥലത്ത് തോട്ടങ്ങളുണ്ടാകുമ്പോൾ ജോലികിട്ടാൻ പാകത്തിൽ ആൾക്കാരെയെല്ലാം പഴയകാലത്തുതന്നെ ജോലിയിലുമെടുത്തിരുന്നു. പക്ഷേ നമ്മുടെ പുതിയ വന സംരക്ഷണ നയത്തിന്റെ അടിസ്ഥാനത്തിൽ, ഇനി വനഭൂമി ഇതുപോലുള്ള ആവശ്യങ്ങൾക്ക് വെട്ടിത്തെളിച്ചുകൂടാ എന്നതിന്റെ അടിസ്ഥാനത്തിൽ 500 ഹെക്ടറിൽ 330 ഹെക്ടറിൽ മാത്രമേ ഇപ്പോൾ കാപ്പികൃഷി നടത്തുന്നുള്ളൂ. ഇതിന്റെ ഫലമായിട്ട് തൊഴിലാളികൾക്ക് ജോലി കിട്ടാൻ ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. ഏതായിരുന്നാലും ഇനി ഈ തോട്ടം

LIBRARY ARCHIVES Kerala Legislative Assembly